# അക്കാദമിക മാസ്റ്റർപ്ലാൻ

## GMLP സ്കൂൾ കണ്ണഞ്ചെ

## 2025-26

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. എം. എൽ. പി. സ്കൂൾ കണ്ണങ്കൈ.

മേൽവിലാസം : തൂണേരി (PO)
നാദാപുരം (via)
കോഴിക്കോട്

സ്കൂൾ കോഡ് : 16603

വിദ്യാഭ്യാസ ഉപജില്ല : നാദാപുരം

വിദ്യാഭ്യാസ ജില്ല : വടകര.

ബി. ആർ. സി : തൂണേരി.

പ്രധാനാധ്യാപകൻ : ആനന്ദശീലൻ. RN.

ഇ - മെയിൽ വിലാസം : gmlpskannankai@gmail.com

UDISE CODE : 32041200109.

# ആമുഖം.

നമ്മുടെ സ്കൂളിലെ എല്ലാവിദ്യാർത്ഥികളെയും മികവിന്റെ പാതയിലേക്ക് നയിക്കുക എന്ന ദീർഘവീക്ഷണത്തോടെയാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോകുട്ടിയെയും മികച്ചവരാക്കുക എന്നലക്ഷ്യത്തിലേക്കെത്തിച്ചേരുവാൻ ഈ പ്രവർത്തനങ്ങൾ സഹായകരമാവും. ഓരോ ക്ലാസിലെയും പൊതുവായ പഠനലക്ഷ്യങ്ങളും അവ പ്രാപ്തമാക്കാൻ നൽകുന്ന പൊതുവായ ക്ലാസ്പ്രവർത്തനങ്ങൾക്കും ഉപരിയായി പിന്നോക്കം നിൽക്കുന്നതും പഠനപിന്തുണ ആവശ്യമായതുമായ കുട്ടികൾക്ക് 'ഒപ്പം ഒപ്പത്തിനൊപ്പം' എന്ന പ്രത്യേക പ്രവർത്തനങ്ങൾ നൽകി സമഗ്രഗുണമേന്മ ഉറപ്പുവരുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ എഴുതുവാനും വായിക്കുവാനും കഴിവുണ്ടാവുക. ആശയങ്ങൾ അറിവുകൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മകരചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.

പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും അവ ഗ്രഥനത്തിലൂടെയും നിഗമനങ്ങൾ രൂപീകരിക്കുക. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളിൽ അറിവുകൾ സ്വായത്തമാക്കി പ്രായോഗികജീവിതത്തിൽ ഉപയോഗ പ്രദമാക്കുക എന്നിശാസ്ത്രലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ശാസ്ത്രപ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

സംഖ്യാബോധം, ജ്യാമിതീയരൂപങ്ങൾ വിശകലനം, അളവുകൾ തുടങ്ങിയ ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഗണിതസൗന്ദര്യം തിരിച്ചറിയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്.

ഇംഗ്ലീഷ് ഭാഷയിൽ എഴുത്തും വായനയും ആശയവിനിമയവും സുഗമമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ അതാത് ക്ലാസിൽത്തന്നെ കൈവരിച്ച് കുട്ടികളെ മികവുറ്റതാക്കുക
* മുഴുവൻ കുട്ടികളെയും സ്വതന്ത്രമായി എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുക
* ഗണിതം - അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക
* കുട്ടികളെയും രക്ഷിതാക്കളെയും മികച്ച വായനക്കാരാക്കി മാറ്റുക.
* ഇംഗ്ലീഷ് ഭാഷ മെച്ചപ്പെട്ട രീതിയിൽ പ്രയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
* ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.
* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ നൽകുക
* കുട്ടിയും അധ്യാപകരും, രക്ഷിതാവും ചേർന്നുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. കൃത്യമായ ഇടവേളകളിൽ PTA യോഗങ്ങൾ ചേരുക.

* മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ്, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയവ കാര്യമായി നടപ്പാക്കുക.
* ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

# അക്കാദമിക - ഭൗതിക നേട്ടങ്ങളും പരിമിതികളും

## നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കൃത്യതയോടെ നടപ്പിലാക്കുന്ന അധ്യാപകർ
* പാഠ്യേതര പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേകം ക്ലാസുകൾ നൽകുന്നു
* കലാമേളയിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിയുന്നു
* കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ മികച്ച സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും.
* ആധുനിക രീതിയിൽ നവീകരിച്ച ശൗചാലയ സമുച്ചയം.

## പരിമിതികൾ

* ചില കുട്ടികൾക്ക് ഭാഷ, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
* പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
* മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കാൻ കഴിഞ്ഞിട്ടില്ല.
* മികച്ച ലൈബ്രറി ഉണ്ടായിട്ടും കുട്ടികളെയും രക്ഷിതാക്കളെയും വായനയിലും ഉള്ളവരാക്കി മാറ്റാൻ കഴിഞ്ഞില്ല
* കുട്ടികൾ ശരിയായ കായിക പരിശീലനങ്ങൾ നൽകാൻ കഴിയുന്നില്ല
* കായികമേള - പ്രവൃത്തിപരിചയം എന്നിവയിൽ മികച്ച പ്രകടനം നടത്താൻ കഴിഞ്ഞിട്ടില്ല.
* സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ മുഴുവൻ പങ്കാളിത്തം ഉറപ്പാക്കാൻ സാധ്യമാകുന്നില്ല

# ഉദ്ഗ്രഥനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| * ചെറു സദസ്സിന് മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക | കലോത്സവം, സർഗ്ഗവേള | വർഷം മുഴുവൻ [ജൂൺ - മാർച്ച്]. [ആഴ്ചയിൽ ഒരു ദിവസം]. | ക്ലാസ് ടീച്ചർ കുട്ടികളെല്ലാവരും |
| * ഓരോ കുട്ടിക്കും ലളിതമായ വരികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക. | വായനോത്സവം, മലയാളമധുരം | ജൂൺ - മാർച്ച് | " |
| * ഓരോ കുട്ടിക്കും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നിവയിലൂടെ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക. | രചനോത്സവം സംയുക്തഡയറി, നാട്ടുവിശേഷം ഉൾപ്പെടുന്ന ക്ലാസ് പത്രം സചിത്രപുസ്തകം. | " | " |
| * ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ചെറു സദസ്സുകളിൽ പാട്ടുകൾ, കവിതകൾ എന്നിവ അവതരിപ്പിക്കുന്നതിന | പാട്ടരങ്ങ്. | " | " |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് "ഒപ്പം ഒപ്പത്തിനൊപ്പം" എന്ന നൂതന പ്രവർത്തനത്തിലൂടെ ആവശ്യമായ പരിശീലനം നൽകുന്നു. | ജൂൺ മുതൽ ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്ടീച്ചർ | ഇല്ല |
| രചനാപരിശുദ്ധി ഉറപ്പാക്കൽ, വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം, വായനക്കുറിപ്പ്, പത്രവായന | " | " | " |
| സർഗാത്മകത വളർത്തൽ | കാവ്യോത്സവം, കഥാരചന, കവിതാരചന, ഡയറിയെഴുത്ത് | വർഷം മുഴുവൻ | " | " |
| ലേഖനശേഷി വർധിപ്പിക്കൽ | അക്ഷരത്തെറ്റുകൾ, ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഒരു വ്യവഹാരത്തെ മറ്റ് പല വ്യവഹാരങ്ങളിലേക്ക് മാറ്റി എഴുതൽ. | | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, സംസാരിക്കാനും, എഴുതാനുമുള്ള ശേഷി വെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി, നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതുക. | ആഴ്ചയിൽ രണ്ട് ദിവസം വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | ഇല്ല. |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | — |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിനങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുവനീറുകളായി കയ്യെഴുത്തുമാസിക / തയ്യാറാക്കൽ. | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | — |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആയിരം മുതൽ പതിനായിരം വരെ സംഖ്യകൾ ഉറപ്പിക്കൽ, സംഖ്യാബോധം വളർത്തൽ. | അബാക്കസ്, സ്ഥാനവില പോക്കറ്റ്, സംഖ്യാറിബൺ ഗണിത കേളികൾ | ജൂൺ, ജൂലൈ മാസത്തിൽ. | ക്ലാസ് ടീച്ചർ | |
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധ കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ (പാമ്പും കോണിയും, കച്ചവടക്കളി, ഡയസ് കളി) | ഓഗസ്റ്റ്, മാർച്ച് | ,, | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ. | ഒറിഗാമി രൂപങ്ങളുടെ നിർമാണം. രൂപങ്ങൾ നിർമിച്ച് ചിത്രം നിർമിക്കൽ. | മാസത്തിലൊരിക്കൽ. | ക്ലാസ് ടീച്ചർ CPTA | |
| പ്രതിഭാശാലികളെ കണ്ടെത്തൽ, കൂടുതൽ ഗണിതക്രിയകളിലേക്ക് നയിക്കൽ. | കുസൃതികണക്കുകൾ, പസിലുകൾ, നമ്പർ ചാർട്ട് | സപ്തംബർ ഒക്ടോബർ. | ,, | |

# പാഠ്യേതര പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| * കായികശേഷിയുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക. | - സുംബ പരിശീലനം<br>- മികച്ച കായികധ്യാപകന്റെ സഹായത്താൽ കുട്ടികൾക്ക് പരിശീലനം | വർഷം മുഴുവൻ [ആഴ്ചയിലൊരിക്കൽ] | ക്ലാസ് ടീച്ചർ<br>HM<br>SRG. |
| * പ്രവൃത്തിപരിചയം - നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ. | നിർമ്മാണ പ്രവർത്തനങ്ങൾ | മാസത്തിലൊരിക്കൽ | BRC |